നെൽവയൽ–തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് ഒട്ടേറെ നിയമപോരാട്ടങ്ങൾ നടത്തിയ അഭിഭാഷകനും പരിസ്ഥിതി പ്രവർത്തകനുമായ

**അഡ്വ. ഹരീഷ് വാസുദേവ്**

# നിയമം സംരക്ഷിക്കാൻ കൃത്യമായ ജനകീയ ഇടപെടൽ വേണ്ടിവരും

**പരിസ്ഥിതിയെ** സംരക്ഷിക്കാനുതകുന്ന നിറയെ ഘടകങ്ങൾ ഉണ്ട് എന്നതാണ് 2008ലെ നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ പ്രത്യേകത. ഒരു നിശ്ചിത അളവിലുള്ള ഭൂമി ഒരാളുടെ കൈവശമുള്ളപ്പോൾ അയാൾക്കതിൽ എന്തും ചെയ്യാം എന്ന അവസ്ഥയാണ് പലരും പരിസ്ഥിതി വിരുദ്ധമായി ഇടപെടാൻ കാരണമാകുന്നത്. ഭൂമിയുടെ അധികാരത്തെ സംബന്ധിച്ച് നിലനിൽക്കുന്ന ഈ ധാരണയാണ് പ്രശ്നം. വനഭൂമിയുടെ കാര്യത്തിൽ മാത്രമാണ് ആകെ ഇളവുണ്ടായിരുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണോ അയാളിൽ യാതൊരുവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ പാടില്ല എന്നതായിരുന്നു പൊതു യുക്തി. അതിനു മറുകണ്ടം ചാടിക്കൊണ്ടാണ് ഈ നിയമം നിലവിൽ വന്നത്. അപ്പോഴും ആളുകൾ പറഞ്ഞിരുന്നത് ഭൂമിയുടെ ഉടമസ്ഥാവകാശം ഉള്ള ആൾക്ക് ഭൂമിയിൽ എന്തും ചെയ്യാം എന്നാണ്. ഭൂമി സർക്കാർ ഏറ്റെടുത്തുകൊണ്ടേ അവിടെ നിയന്ത്രണം നടത്താൻ പറ്റൂ എന്നായിരുന്നു പൊതു ധാരണ. എല്ലാ സംരക്ഷണ പ്രവർത്തനങ്ങളും നടത്തേണ്ടത് സർക്കാർ മാത്രമാണെന്ന ബോധം ഭൂമിയോട് അതിന്റെ ഉടമ കൂടുതൽ അപകടകരമായ രീതിയിൽ ഇടപെടാൻ കാരണമായി. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമാണ് ഉടമസ്ഥാവകാശം ജനങ്ങൾക്കാണെങ്കിലും സർക്കാർ പറയുന്നതു പ്രകാരമുള്ള കാര്യങ്ങൾ മാത്രമേ ആ ഭൂമിയിൽ ചെയ്യാൻ പാടുള്ളൂ എന്ന നിബന്ധന കൊണ്ടുവരുന്നത്. ഈ നിയമം വരുന്നതിന് മുമ്പ് കേരള ഭൂവിനിയോഗ ഉത്തരവ് ഉണ്ടായിരുന്നുവെങ്കിലും അത് ഇത്രയ്ക്ക് ഗുണപ്രദമായിരുന്നില്ല. ഭൂ വിനിയോഗം എങ്ങനെ വേണമെന്നത് സർക്കാർ തീരുമാനിക്കുന്നതാണ് എന്നും ഭൂഉടമസ്ഥത എന്നത് നിരുപാധികം അല്ല എന്നുമുള്ള പരിസ്ഥിതിയുടെ ഏറ്റവും അടിസ്ഥാന യുക്തി വ്യക്തമാക്കിയ നിയമമാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം.

കേരളത്തിൽ ഈ നിയമം 2008 നും 2018 നുമിടയിൽ വിജയകരമായി നടപ്പാക്കി എന്നതാണ് എന്റെ അഭിപ്രായം. ഒരുപക്ഷെ ഏറ്റവും ശ്രദ്ധയോടെ സർക്കാർ നടപ്പാക്കിയ ഒരു നിയമം ഇതായിരിക്കും. ഭൂകൈയ്യേറ്റത്തിനെതിരെയുള്ള ലാന്റ് കൺസർവൻസി ആക്ട് (1957), ലാന്റ് അസൈൻമെന്റ് ആക്ട് (1960) എന്നീ നിയമങ്ങളുടെയെല്ലാം ലംഘനത്തിന്റെ തോത് വച്ചുനോക്കിയാൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനവുമായി ബന്ധപ്പെട്ട കണക്കുകൾ കുറവാണ്. ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടും നടപടിയെടുക്കാത്തതിന്റെ തോതും വളരെ കുറവുതന്നെയാണ്. സർക്കാർ വേണ്ടത്ര നടപടികൾ എടുത്തിട്ടുണ്ട് എങ്കിലും ഈ നിയമം കാര്യമായി ലംഘിക്കപ്പെട്ടിട്ടുണ്ട്. മറ്റു നിയമങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മാത്രമാണ് ഇതിൻമേലുള്ള നടപടികളെല്ലാം ദ്രുതഗതിയിലാണ് എന്ന് പറയാൻ കഴിയുന്നത്. കൊടുക്കുന്ന പരാതിക്കുമേൽ ആർ.ഡി.ഒ നേരിട്ട് പരാതി സ്ഥലത്ത് വന്ന് സ്റ്റോപ് മെമ്മോ കൊടുക്കും എന്നതാണ് പ്രത്യേകത. ലോറി പിടിക്കുക, പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവിടുക തുടങ്ങിയ പലതും ആർ.ഡി.ഒ തന്നെ നേരിട്ട് ചെയ്യും. നടപ്പാക്കുന്ന രീതി വിലയിരുത്തിയാൽ ഉദ്യോഗസ്ഥർ ഏറ്റവും കൂടുതൽ നടപ്പാക്കാൻ ശ്രമിച്ചൊരു നിയമമാണിതെന്നു പറയാം.

ജനങ്ങൾ വഹിച്ച പങ്കിന്റെ അത്രയും സർക്കാർ വഹിച്ചിട്ടില്ലെങ്കിൽ കൂടിയും സർക്കാരും ജനങ്ങളും ഒരേയളവിൽ നടപ്പിലാക്കിയ നിയമമാണിതെന്ന് പറയാം. വിസിൽ ബ്ലോയേഴ്സ് ആയി നിന്നിരുന്നത് പൊതുജനങ്ങൾ തന്നെയായിരുന്നു. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം ഭൂമി കൈയ്യേറി എന്നു പറഞ്ഞൊരു പരാതി കൊടുത്താൽ ഉദ്യോഗസ്ഥരെല്ലാം അതിനെതിരെ നിൽക്കുന്ന ഒരു സ്ഥിതിയാണുണ്ടായിരുന്നത്. മറ്റേതൊരു നിയമം എടുത്ത് പരിശോധിച്ചാലും ഇതാണവസ്ഥ. വായു മലിനീകരണ നിയമം, ജല മലിനീകരണ നിയമം എന്നിവ പ്രകാരം പരാതി കൊടുത്താൽ കൈപ്പറ്റു രസീത് പോലും കിട്ടില്ലായിരുന്നു. പരാതിക്കുമേൽ ഒരു നടപടി ഉണ്ടാകില്ല. അതുവച്ചുനോക്കിയാൽ തെറ്റ് ചൂണ്ടിക്കാണിക്കുന്ന പൗരന്മാർക്ക് എന്തെങ്കിലും ഒരു റിസൾട്ട് ഉണ്ടാക്കാൻ ഈ നിയമത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് തന്നെ ഉത്തരവാദിത്തമുണ്ടെന്നു തോന്നിക്കുന്നതരത്തിലുള്ള ചില ചട്ടങ്ങൾ നിയമത്തിലുള്ളതുകൊണ്ടാണ് എതിർപക്ഷത്ത് നിൽക്കാതിരിക്കാൻ വേണ്ടിയെങ്കിലും അവർ ഇതിൽ ഇടപെടുന്നത്. നിയമത്തിന്റെ നടത്തിപ്പിൽ ജനങ്ങളും സർക്കാരും ഒരുപോലെ പങ്കുവഹിച്ചു എന്നു പറയേണ്ടിവരുന്നത് അതു

കൊണ്ടാണ്. ഈ നിയമം അട്ടിമറിക്കാൻ യു.ഡി.എഫിന്റെ കാലത്ത് മൂന്ന് തവണ ക്യാബിനറ്റ് വരെ എത്തുന്ന ശ്രമങ്ങൾ നടന്നിരുന്നു. വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ആശ്രമത്തെ റവന്യൂവകുപ്പാണ് എതിർത്തിരുന്നത്. ഈ മൂന്നു ശ്രമങ്ങളെയും വാസ്തവത്തിൽ യു.ഡി.എഫിൽ നിന്നുള്ളവർ തന്നെയാണ് എതിർത്തത്. മാധ്യമങ്ങളും അതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. മുഖ്യധാരാ മാധ്യമങ്ങളുടെ ഈ ശ്രമം കേരളത്തിന്റെ പൊതു മനസ്സാക്ഷിയെ വൻതോതിൽ സ്വാധീനിച്ചിട്ടുണ്ട്. ഭേദഗതികളൊന്നും തന്നെ കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയോ ജുഡീഷ്യൽ റിവ്യൂവിന് വിധേയമാക്കപ്പെടുകയോ ചെയ്തിട്ടില്ല. ജനങ്ങളും മാധ്യമങ്ങളും തന്നെയാണ് അന്നത്തെ ഭേദഗതി ശ്രമങ്ങളെ ചെറുത്തു തോൽപ്പിച്ചത്. ഇപ്പോൾ അപ്രതീക്ഷിതമായാണ് ഇത്തരമൊരു പൊളിച്ചെഴുത്ത് നിയമത്തിൽ നടക്കുന്നത്. ജുഡീഷ്യൽ റിവ്യൂ വരുന്ന സമയത്ത് ഈ നിയമം ചോദ്യംചെയ്യപ്പെടാം. 2008 ലെ നിയമത്തെ അദാനി, ശോഭാ ഗ്രൂപ്പ് പോലുള്ള വൻകിട കമ്പനികളാണ് ചോദ്യം ചെയ്തത് എങ്കിൽ, 2018 ലെ ഭേദഗതിയെ ജനങ്ങളാണ് ചോദ്യംചെയ്യുന്നത്. ആക്ടിന്റെ അന്തഃസത്ത ചോർന്നുപോകാത്ത തരത്തിൽ നിയമത്തെ സംരക്ഷിച്ചവരാണ് നമ്മൾ. ഈ ഭേദഗതി നിയമത്തെ അതുകൊണ്ടുതന്നെ നമ്മൾ എതിർക്കേണ്ടതുണ്ട്.

ഭേദഗതിയോട് സമ്മിശ്രമായ പ്രതികരണമാണ് എനിക്കുള്ളത്. നിലവിലുള്ള ആക്ടിന് എന്തെങ്കിലും കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിൽ അതെല്ലാം പരിഹരിക്കുന്നതിന് വേണ്ടിയാകണം ഭേദഗതി കൊണ്ടുവരേണ്ടത്. ചില കാര്യങ്ങളിൽ അത് പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്നത് സത്യമാണ്. ശിക്ഷാകാലാവധി കൂട്ടിയിട്ടുണ്ട്, പിഴയുടെ അളവിൽ വർദ്ധനവുണ്ടായിട്ടുണ്ട്, കളക്ടറുടെ അധികാരങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ഇങ്ങനെ ആക്ടിനെ ശക്തിപ്പെടുത്തുന്നതിനായി ചിലതു ചെയ്തു എന്നത് മാറ്റിനിർത്തിയാൽ നിയമത്തിൽ വരുത്തിയ മറ്റു മാറ്റങ്ങൾ അപകടകരമാണ്. അതിൽ ഏറ്റവും ഗുരുതരം ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കണ്ട എന്ന തീരുമാനം തന്നെയാണ്. ഡാറ്റാബാങ്ക് പൂർത്തീകരിക്കാനുള്ള ശ്രമം നടത്തുന്നതിനു പകരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്ന പുതുയൊരു ഭൂപദവി കൊണ്ടുവരികയാണ് സർക്കാർ. വിജ്ഞാപനം ചെയ്യപ്പെടാത്ത സ്ഥലങ്ങളിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും പൂർണ്ണമായും ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇത് അങ്ങേയറ്റം ദ്രോഹകരമാണ്. പത്ത് വർഷം വിജയകരമായി നിന്ന ഒരു ആക്ടിന്റെ നട്ടെല്ലൊടിച്ചു എന്നതാണ് യാഥാർത്ഥ്യം.

പ്രാദേശികതല നിരീക്ഷണ സമിതി നിയമപരമായ അധികാരപരിധി ഉപയോഗിച്ച് നടത്തിയ ശ്രദ്ധേയമായ ഒരുപാട് ഇടപെടലുകളുണ്ടായിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് അദാനിയുടെ കേസാണ്. എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട ഒരു സ്ഥലത്ത് ഭൂമി വാങ്ങിച്ച് അദാനി നികത്തുന്നു. അവിടുത്തെ കൃഷി ഓഫീസർ അതിനെ ശക്തമായി എതിർക്കുന്നു. പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിനെ ശരിവെച്ചുകൊണ്ടാണ് കോടതി വിധി പുറപ്പെടുവിച്ചത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെ സംബന്ധിച്ചുള്ള നിർണ്ണായകമായ ഒരു വിധിയായിരുന്നു അദാനി കേസിലുണ്ടായത്. ആറന്മുളയിലും പ്രാദേശികതല സമിതിയുടെ ഇടപെടലിനെ വിസ്മരിച്ചുകൂടാ. തണ്ണീർത്തടമായിരുന്നിട്ടും നിയമത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ടിരുന്ന സ്ഥലങ്ങൾ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ഇടപെടൽ മൂലം ഡാറ്റാ ബാങ്കിൽ ഉൾച്ചേർക്കപ്പെട്ടിട്ടുണ്ട്. ആസ്റ്റർ മെഡിസിറ്റിക്ക് വേണ്ടി എറണാകുളത്ത് പാടം നികത്താനുള്ള ശ്രമത്തെയും സമിതി എതിർത്തിരുന്നു. ഇത്രയും അധികാരമുണ്ടായിരുന്ന പ്രാദേശിക സമിതിയുടെ അധികാരം പൂർണ്ണമായും ഇല്ലാതാക്കുന്ന തരത്തിലാണ് നിലവിലെ ഭേദഗതി. സർക്കാർ തീരുമാനിക്കുന്ന പദ്ധതികൾ, യാതൊരു നിയമപിന്തുണയുമില്ലാതെ രാഷ്ട്രീയ താത്പര്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കൃഷിയെയും പരിസ്ഥിതിയെയും ബാധിക്കുന്നുണ്ടോ എന്നതു മാത്രമായിരുന്നു എൽ.എൽ.എം.സികളുടെ പരിഗണന. തിരുവനന്തപുരം ടെക്നോപാർക്കിനോട് ചേർന്ന് വയലുകൾ നികത്തി ഒരു കെട്ടിടം പണിയാനാണ് ഈ ഭേദഗതി ദ്രുതഗതിയിൽ കൊണ്ടുവന്നതെന്ന് ആരോപണമുണ്ട്. ഗെയിൽ, ഐ.ഒ.സി തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമാക്കാൻ ഈ നിയമഭേദഗതി സഹായകമാകും എന്നതിൽ യാതൊരു തർക്കവുമില്ല. ഇത്തരം പദ്ധതികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കാണിച്ച് പ്രാദേശികതല സമിതി എതിർപ്പുന്നയിക്കും എന്ന് ഭയന്നാണ് സമിതിയുടെ അധികാരം തന്നെ എടുത്തുമാറ്റിയത്. ജനാധിപത്യപരമായി പ്രാദേശികതലങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്നവരെ ദുർബലപ്പെടുത്താൻ വേണ്ടിയാണ് ഈ ശ്രമങ്ങളെല്ലാം സർക്കാർ നടത്തുന്നത്. സ്റ്റേറ്റിനെയും രാഷ്ട്രീയതാത്പര്യത്തെയും പരിഗണിക്കാതെ പ്രാദേശിക സമിതികൾക്ക് തീരുമാനമെടുക്കാനുള്ള അധികാരം നിർജീവമായിരിക്കുന്നു. ആറന്മുള, മെത്രാൻ കായൽ, കപിൽദേവി



ന്റെ കടമക്കുടി പ്രോജക്ട്, ക്രിക്കറ്റ് സ്റ്റേഡിയത്തിന് വേണ്ടി തൊടുപുഴയിൽ കണ്ടെത്തിയ സ്ഥലം, ഇടക്കൊച്ചി സ്റ്റേഡിയം, ഫാരിസ് അബൂബക്കർ എടുത്ത് ശോഭാഗ്രൂപ്പിന് കൊടുത്ത വളന്തക്കാട് ഹൈടെക് സിറ്റി തുടങ്ങിയ നിരവധി പദ്ധതികൾ പ്രാദേശിക സമിതികളുടെ ഇടപെടൽ വഴിയാണ് നടക്കാതെ പോയതെന്ന് ഭേദഗതിയെ ന്യായീകരിക്കുന്ന കൃഷി മന്ത്രി ഓർക്കേണ്ടതുണ്ട്. അന്ന് ഒഴിവാക്കിയ ഈ പദ്ധതികളിൽ പലതും സർക്കാർ പദ്ധതികളായി അവതരിക്കാൻ പോകുന്നേയുള്ളൂ. സംസ്ഥാനതല സമിതിയുടെ അധികാരവും ഇത്തരത്തിൽ പ്രധാനമായിരുന്നു. ഭേദഗതിയിലൂടെ അതും നിർജീവമായിരിക്കുന്നു. സംസ്ഥാന സമിതിയുടെ പരിശോധന പ്രകാരം നിയമവിരുദ്ധവും പരിസ്ഥിതി വിരുദ്ധമാണ് എന്ന് വിധിയെഴുതിയ പദ്ധതിയാണ് (മാലിന്യത്തിൽ നിന്നും വൈദ്യുതി) ഇപ്പോൾ ബ്രഹ്മപുരത്ത് വരാൻ പോകുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഇത്തരം നിരവധി പദ്ധതികൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. അതെല്ലാം പുനരാരംഭിക്കാനാണ് ഈ ഭേദഗതി.

പൊതു ആവശ്യത്തിന് വേണ്ടി നെൽവയൽ നികത്താം എന്നതാണ് മറ്റൊരു പ്രശ്നം. നേരത്തെ പൊതു ആവശ്യം എന്നതിന് കൃത്യമായ നിർവ്വചനമുണ്ടായിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നേരിട്ടു ഫണ്ട് ചെയ്യുന്ന പദ്ധതികൾ മാത്രമാണ് പൊതു ആവശ്യത്തിന്റെ കീഴിൽ വന്നിരുന്നത്. എന്നാൽ, സർക്കാരിന് മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി, 'പൊതു ആവശ്യം' എന്ന ലേബലിൽ പുതിയൊരു വ്യവസ്ഥയുണ്ടാക്കി പദ്ധതിക്ക് അനുമതി നൽകാവുന്നതാണ്. സർക്കാരിന് ഒരുരൂപയുടെ ഷെയർ ഇല്ലെങ്കിൽ പോലും ഇനി ഏതു പദ്ധതിക്കും 'പൊതു ആവശ്യം' എന്ന വ്യവസ്ഥയിലൂടെ അനുമതി നൽകാം. കഴിഞ്ഞ പത്ത് വർഷം ഈ ആക്ടിന്റെ കീഴിൽ നിയമവിരുദ്ധമോ പരിസ്ഥിതിവിരുദ്ധമോ ആയ ഒരു സർക്കാർ പദ്ധതി പോലും നടപ്പിലാക്കപ്പെട്ടിരുന്നില്ല. കൊച്ചി മെട്രോ യാർഡിനുവേണ്ടി 300 ഹെക്ടർ നികത്താനുള്ള അനുമതി നൽകിയതൊഴികെ.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ഒരു പ്രധാന സംഗതി പരിസ്ഥിതി ധർമ്മം പരിഗണിച്ചുകൊണ്ട് നെൽവയലുകൾ സംരക്ഷിക്കുക എന്നതായിരുന്നു. ഈ ഭേദഗതിയോടു കൂടി ആ സാധ്യത ഇല്ലാതെയായി. പരിസ്ഥിതി സംരക്ഷണം എന്ന ഭരണഘടനാ ഉത്തരവാദിത്വത്തിൽ നിന്നുമുള്ള ഒളിച്ചോട്ടമാണിത്. വളരെ സാങ്കേതികമായ ഒരു പ്രക്രിയയാണ് നിയമം നടപ്പാക്കുക എന്നത്. ഒരുപാട് പരാതികൾ കിട്ടുമെങ്കിലും ഉദ്യോഗസ്ഥർക്ക് നിക്ഷിപ്ത താത്പര്യങ്ങളുണ്ടാകും. അവരിൽ പലർക്കും ഈ നിയമം വ്യാഖ്യാനിക്കാൻ അറിയില്ല. നിയമമുണ്ടാക്കിയതുതന്നെ വളരെ എളുപ്പത്തിൽ വ്യാഖ്യാനിക്കാവുന്ന തരത്തിലല്ല. നിയമത്തിൽ തന്നെ ഒരുപാട് പ്രശ്നങ്ങളുണ്ട്, വ്യക്തതക്കുറവുണ്ട്. അതുകൊണ്ടുതന്നെ സാങ്കേതികപരമായി ഒരുപാട് സംശയങ്ങൾ വന്നു. പണമുള്ളവരെല്ലാം ഹൈക്കോടതിയിൽ പോ

യി അനുമതി വാങ്ങുന്നു. കോടതിയെ തെറ്റിദ്ധരിപ്പിച്ചും നിയമം ദുർവ്യാഖ്യാനം ചെയ്തും അനുമതി വാങ്ങുകയാണ് പതിവ്. ഒരുപാട് ഉദ്യോഗസ്ഥർ കോടതിയെ മറയാക്കി ഇതെല്ലാം ദുരുപയോഗം ചെയ്തിട്ടുണ്ട്. പല പരിസ്ഥിതി പ്രവർത്തകർക്കും പൊതുപ്രവർത്തകർക്കും നിയമമറിയില്ല എന്നു മാത്രമല്ല സാങ്കേതികമായി നിയമത്തെ സമീപിക്കാനും അറിയില്ല. നിലം നികത്താൻ പോകുന്നവർക്ക് ഇതെല്ലാം അറിയാം. അവർക്കതിനുള്ള നിയമോപദേശം കൃത്യമായി ലഭിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ വളരെ ചിട്ടയോടെ പ്രവർത്തിക്കുന്ന എത്ര പൊതുപ്രവർത്തകർ കേരളത്തിലുണ്ട്? പശ്ചിമഘട്ടത്തിന്റെ കരടുവിജ്ഞാപനം വന്നശേഷം അന്തിമവിജ്ഞാപനത്തിനുള്ളിൽ പരാതി കൊടുക്കണമെന്ന് അറിയാവുന്ന നൂറ് പേരെങ്കിലുമുണ്ടോ കേരളത്തിൽ എന്ന് എനിക്ക് സംശയമാണ്. ആത്മാർത്ഥതയാണ് പരിസ്ഥിതി പ്രവർത്തകരുടെ മൂലധനം. അവർക്ക് സാങ്കേതികപരമായോ പ്രൊഫഷണലായോ നിയമത്തെ സമീപിക്കാനോ, പുറകേ നടന്ന് റിസൾട്ട് ഉണ്ടാക്കാനോ കഴിയാറില്ല. വളരെക്കുറച്ച് ആളുകൾ മാത്രമെ അങ്ങിനെ ചെയ്യുന്നുള്ളു. ഈ ഭേദഗതിക്കെതിരെ കോടതിയിൽ പോകാം. ഭരണഘടനാ വിരുദ്ധമാണെന്നു പറയാം. അനുകൂല നടപടിയുണ്ടാകാൻ സാധ്യതയുണ്ട്. ഓരോ പ്രദേശത്തും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വളരെ കൃത്യമായ ഇടപെടൽ നടത്തി, ഒരു ജനകീയമായ ഓഡിറ്റ് കേരളത്തിലുടനീളം ഈ ആക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകേണ്ടതാണ്. അത്തരത്തിലുള്ള ഇടപെടലുകൾ മാത്രമേ നിയമത്തെ ശക്തിപ്പെടുത്തൂ. ■

കേരള ജൈവകർഷക സമിതിയുടെ മുൻ സെക്രട്ടറിയും നെൽവയൽ-തണ്ണീർത്തട നിയമം സംരക്ഷിക്കാനായി നടത്തിയ വയൽരക്ഷാ ക്യാമ്പയിനിന്റെ സംഘാടകനും നെൽകർഷകനുമായ

**കെ.പി. ഇല്യാസ്**

# വയലുകൾ സ്വകാര്യഭൂമിയാണെങ്കിലും പൊതുസ്വത്തായി സംരക്ഷിക്കണം

**നെൽവയൽ**-തണ്ണീർത്തട നിയമം വന്നതുകൊണ്ട് നെൽവയലുകൾ നികത്തുന്നതിനെതിരായി പല ഇടപെടലുകളും നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതുകൊണ്ട് നെൽകൃഷി വർദ്ധിച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല എന്ന് പറയേണ്ടി വരും. നെൽകൃഷിയുടെ സ്ഥിതി കേരളത്തിൽ വളരെ പരിതാപകരമാണ്. 2008ൽ നിയമം വന്ന ശേഷം അതിനടുത്ത വർഷങ്ങളിൽ 2.29 ലക്ഷം ഹെക്ടറിൽ നിന്നും 2.34 ലക്ഷം ഹെക്ടറായി നെൽകൃഷി വർദ്ധിച്ചിരുന്നു. ചരിത്രത്തിൽ ആദ്യമായാണിത് ഇത്തരത്തിൽ വർദ്ധനവുണ്ടാകുന്നത്. എന്നാൽ തുടർന്നുള്ള പത്ത് വർഷത്തെ കണക്ക് പരിശോധിക്കുകയാണെങ്കിൽ നെൽകൃഷി വീണ്ടും കുറഞ്ഞതായാണ് കാണാൻ കഴിയുന്നത്. 61000 ഹെകടർ മാത്രമായി ഇപ്പോൾ അത് ചുരുങ്ങി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതായത് നിയമം വന്നശേഷം നെൽകൃഷിയിൽ വർദ്ധനവുണ്ടായില്ല എന്ന് മാത്രമല്ല ഗണ്യമായി കൃഷി കുറയുകയും ചെയ്തു. വയലുകൾ തരിശ്ശിട്ട് എങ്ങനെയും നികത്തിയെടുക്കാനാണ് പണ്ട് കൃഷി ചെയ്തിരുന്ന പലരും ഇപ്പോൾ ശ്രമിക്കുന്നത്. ഭേദഗതി വന്നയുടൻ തന്നെ ഞാൻ താമസിക്കുന്ന വെള്ളങ്കല്ലൂർ പഞ്ചായത്തിൽ 566 അപേക്ഷകളാണ് 2008ന് മുമ്പ് നികത്തിയതാണെന്നും ക്രമപ്പെടുത്തിത്തരണമെന്നും കാണിച്ചുകൊണ്ടുവന്നത്. അതിൽ പലതും വയലായിത്തന്നെ നിൽക്കുന്ന ഭൂമിയാണ്. വാഴകൃഷിയാകും ചെയ്യുന്നതെന്ന് മാത്രം. ഡാറ്റാ ബാങ്ക് സമയോചിതമായി പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തതുകൊണ്ടാണ് ഇത് സംഭവിച്ചത്. ഡാറ്റാ ബാങ്ക് പൂർത്തിയാക്കലിന്റെ വൈകൽ വയൽ പതിയെ പുരയിടമാക്കി മാറ്റാം എന്ന തോന്നലിനെ ബലപ്പെടുത്തുകയാണ് ചെയ്തത്.

നെൽകൃഷി നടത്തുക എന്നതുമാത്രമാണ് വയലുകൾ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം. തരിശ്ശിടുകയാണെങ്കിൽ നികത്താനുള്ള പ്രവണത കൂടിക്കൊണ്ടേയിരിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികളും നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഭാഗമാക്കേണ്ടതായിരുന്നു. ദൗർഭാഗ്യവശാൽ അതുണ്ടായില്ല. തരിശ്ശുകിടക്കുന്ന പാടങ്ങളിൽ കൃഷിചെയ്യുന്നതിനുള്ള ചില വ്യവസ്ഥകൾ നിയമത്തിൽ പറയുന്നുണ്ടെന്ന് മാത്രം. തരിശ്ശു രഹിത കേരളം പദ്ധതിയുടെ ഭാഗമായി ചില സ്ഥലങ്ങളിൽ നെൽകൃഷി തിരികെക്കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടായി. തരിശ്ശു ഭൂമി ഈ വിധത്തിൽ കൃഷി ചെയ്യുന്നതിന് കർഷക സംഘത്തിന് ഒരു വർഷം 25,000 രൂപയും ഭൂമിയുടെ ഉടമസ്ഥന് 5000 രൂപയും സർക്കാർ നൽകുന്നുണ്ട്. മൂന്ന് വർഷം ഈ തുക